മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ

35 [1816] ശ്രീ. എം. മുരളി:

" ഡൊമിനിക് പ്രസന്റേഷൻ:

" ടി. എൻ. പ്രതാപൻ:

" തമ്പാനൂർ രവി:

" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന് എത്ര നീളവും ഉയരവും ഉണ്ട്; ഈ അണക്കെട്ടിന്റെ മുൻവശത്ത് കല്ലും ചരലുമിട്ട് കൃത്രിമ ബണ്ട് നിർമ്മിച്ചിട്ടുണ്ടോ;

(ബി) ഈ കൃത്രിമ ബണ്ട് നിലനിൽക്കുന്നിടത്തോളം കാലം അണക്കെട്ട് ബലപ്പെടുത്തുവാൻ നടപടിയെടുക്കുന്നത് സാദ്ധ്യമാണോ;

(സി) മുല്ലപ്പെരിയാർ അണക്കെട്ട് തകരുന്ന പക്ഷം കേരളത്തിന് എന്തെല്ലാം വിധത്തിലുള്ള നഷ്ടമുണ്ടാകും; അതുമൂലം തമിഴ്നാടിന് എന്തെല്ലാം വിധത്തിലുള്ള നഷ്ടമുണ്ടാകും?

ഉത്തരം

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന് 1200 അടി നീളവും, 176 അടി ഉയരവുമുണ്ട്. ഈ അണക്കെട്ടിന് മുൻവശത്ത് കല്ലും ചരലുമിട്ട് കൃത്രിമബണ്ട് നിർമ്മിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മുല്ലപ്പെരിയാർ അണക്കെട്ട് തകരുന്നപക്ഷം റിസർവോയറിലെ മുഴുവൻ വെള്ളവും താഴ്ന്നഭാഗത്തുള്ള ഇടുക്കി റിസർവോയറിൽ എത്തുകയും, അത് ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയിൽപ്പെടുന്ന ഇടുക്കി, ചെറുതോണി, കുളമാവ് എന്നീ ഡാമുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യാം. അങ്ങനെ സംഭവിച്ചാൽ കോട്ടയം, ഇടുക്കി, എറണാകുളം എന്നീ മുന്ന് ജില്ലകൾ വെള്ളത്തിനടിയിൽ ആകും. ധാരാളം മനുഷ്യജീവനും ജീവജാലങ്ങളും നശിക്കും. തമിഴ്നാടിനെ സംബന്ധിച്ചിടത്തോളം ഈ ജലത്തെ ആശ്രയിച്ചു നടത്തുന്ന കൃഷി നശിക്കും. ഈ നദീജലം ഉപയോഗിച്ച് തമിഴ്നാട് ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയും നഷ്ടമാകും.

LIBRARY ARCHIVES Kerala Legislative Assembly